ഗവൺമെന്റ് ഓഫ് കേരള
ഗവ.മെഡിക്കൽ കോളേജ് കോട്ടയം
ഗാന്ധിനഗർ പി.ഒ കോട്ടയം.-08

ഇ-മെയിൽ medicalcollegekottayam@gmail.com ഫോൺ നം. 0481-2597279
ഫാക്സ്: 0481-2597284 04812597284

നം. ജി.എം.സി കെ.റ്റി.എം/396/2026-എ5 തീയതി:02-05-2026

**പരസ്യം**

കോട്ടയം ഗവ. മെഡിക്കൽ കോളേജ് ക്യാമ്പസിൽ താഴെപ്പറയുന്ന വിവിധ ഇടങ്ങളിൽ അപകട ഭീഷണിയായി നിൽക്കുന്ന **മര ശിഖിരങ്ങൾ** മുറിച്ച് നീക്കുന്ന ജോലിക്ക് ക്വട്ടേഷൻ ക്ഷണിക്കുന്നു. **06.05.2026** ഉച്ചയ്ക്ക് ശേഷം 02.15 - 02:30 മണി സമയത്ത് ക്വട്ടേഷൻ സ്വീകരിക്കുന്നതാണ്. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം 02.15 മണിക്ക് മുൻപായി 2,000/- രൂപ നിരത ദ്രവ്യമായി അടച്ച് ടോക്കൺ എടുക്കേണ്ടതാണ്.

| ക്രമ നം. | **മുറിച്ച് നീക്കേണ്ട മര ശിഖിരങ്ങളുടെ വിവരങ്ങൾ** |
|---|---|
| 1 | സി 14 ക്വാട്ടേഴ്സിന്റെ മുൻപിലും വശങ്ങളിലുമായി ക്വാട്ടേഴ്സിന് മുകളിലേക്ക് ചാഞ്ഞ് നിൽക്കുന്ന മങ്ങളുടെ ശിഖിരങ്ങൾ. |
| 2 | മെൻസ് ഹൗസ് സർജ്ജൻസ് ക്വാട്ടേഴ്സിനു സമീപത്തെ മരങ്ങളുടെ ശിഖിരങ്ങൾ. |
| 3 | എഫ്2 ക്വാട്ടേഴ്സിന്റെ പിറകിൽ നിൽക്കുന്ന പ്ലാവ്, വട്ട മരങ്ങളുടെ ശിഖിരങ്ങൾ. |
| 4 | സി 17 ക്വാട്ടേഴ്സിന്റെ മുൻ വശത്തെ മാവ്, വലത് വശത്ത് നിൽക്കുന്ന പുളി, പ്ലാവ്, മാവ്, ഇടത് വശത്ത് നിൽക്കുന്ന ആഞ്ഞിലിയുടേയും ശിഖിരങ്ങൾ. |
| 5 | ജി 11 ക്വാട്ടേഴ്സിന്റെ മുകളിലേക്ക് ചാഞ്ഞു കിടക്കുന്ന മരത്തിന്റെ ശിഖിരങ്ങൾ. |
| 6 | എഫ് 10, 11 ക്വാട്ടേഴ്സുകളുടെ ഇടയിലുള്ള മാവിന്റെ ശിഖിരങ്ങൾ. |
| 7 | ജി1 ക്വാട്ടേഴ്സിന്റെ പിറക് വശത്ത് നിൽക്കുന്ന മാവ്, പുളി, വാക, പാഴ്മരം എന്നിവയുടെ ശിഖിരങ്ങൾ. |
| 8 | സെൻട്രൽ സ്റ്റോറിനു മുൻവശത്തെ ആൽമരത്തിന്റേയും വെഹിക്കിൾ ഷെഡിനു സമീപത്തായി നടപ്പാതയിലേക്ക് ചാഞ്ഞു നിൽക്കുന്ന മരത്തിന്റേയും ശിഖിരങ്ങൾ. |

| | |
|---|---|
| 9 | ഇ16 ക്വാട്ടേഴ്സിന്റെ മുകളിലേക്ക് ചാഞ്ഞു നിൽക്കുന്ന പ്ലാവിന്റെ ശിഖിരങ്ങൾ. |
| 10 | മെഡിക്കൽ റെക്കോർഡ് ലൈബ്രറിയുടെ റൂഫ് ഷീറ്റിനു മുകളിലേക്ക് ചാഞ്ഞു നിൽക്കുന്ന മാവിന്റെ ശിഖിരങ്ങൾ. |
| 11 | ഇ 14 ക്വാട്ടേഴ്സിന്റെ മുകളിലേക്ക് ചാഞ്ഞു നിൽക്കുന്ന മരത്തിന്റെ ശിഖിരങ്ങൾ. |
| 12 | ഇ 13 ക്വാട്ടേഴ്സിന്റെ മുൻവശത്തെ ആഞ്ഞിലി, വശത്ത് നിൽക്കുന്ന പ്ലാവ് എന്നിവയുടെ ശിഖിരങ്ങൾ. |
| 13 | ടൈപ്പ് III, 24 ക്വാട്ടേഴ്സിന്റെ പിറക് വശത്ത് നിൽക്കുന്ന അക്കേഷ്യ മരത്തിന്റെ ശിഖിരങ്ങൾ. |
| 14 | എഫ് 13 ക്വാട്ടേഴ്സിന്റെ മുൻ വശത്ത് നിൽക്കുന്ന ഞാവൽ മരത്തിന്റേയും ഇലക്ട്രിക് ലൈനിന്റെ മുകളിൽ നിൽക്കുന്ന ആഞ്ഞിലി മരത്തിന്റേയും ശിഖിരങ്ങൾ. |
| 15 | ഇ3 ക്വാട്ടേഴ്സിന്റെ സൈഡിൽ നിൽക്കുന്ന പ്ലാവിന്റെ ശിഖിരങ്ങൾ. |
| 16 | എ1 ക്വാട്ടേഴ്സിന്റെ ഇടത് ഭാഗത്ത് നിൽക്കുന്ന വട്ട മരത്തിന്റേയും വലത് ഭാഗത്ത് നിൽക്കുന്ന പ്ലാവിന്റേയും ശിഖിരങ്ങൾ. |
| 17 | ഇ14 ക്വാട്ടേഴ്സിന്റെ മുകളിലേക്ക് നിൽക്കുന്ന ഞാവൽ, ഇല്ലി, മാവ് എന്നിവയുടെ ശിഖിരങ്ങൾ. |
| 18 | ബി4 ക്വാട്ടേഴ്സിനു സമീപം മരങ്ങളുടെ ശിഖിരങ്ങൾ. |
| 19 | എ9 ക്വാട്ടേഴ്സിനു സമീപം അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളുടെ ശിഖിരങ്ങൾ. |
| 20 | നഴ്സിംഗ് കോളേജ് ലേഡീസ് ഹോസ്റ്റലിനു വലത് വശത്ത് പിറകിലായി നിൽക്കുന്ന മാവിന്റെ ശിഖിരങ്ങൾ. ബോയിസ് മെൻസ് ഹാളിനു മുകളിലേക്ക് ചാഞ്ഞു നിൽക്കുന്ന ആഞ്ഞിലിയുടെ ശിഖിരങ്ങൾ, ഡ്രൈവർമാരുടെ റൂമിനോടും അനക്സ് കെട്ടിടത്തോടും ചേർന്ന നിൽക്കുന്ന പ്ലാവിന്റെ ശിഖിരങ്ങൾ. |
| 21 | സി 19 ക്വാട്ടേഴ്സിലേക്ക് ചാഞ്ഞു നിൽക്കുന്നഞാവൽ മരത്തിൻറെ ശിഖിരങ്ങൾ. |
| 22 | ബി8 ക്വാട്ടേഴ്സിന്റെ മേൽക്കൂരയ്ക്ക് ഭീഷണിയായ മാവിന്റേയും പ്ലാവിന്റേയും ശിഖിരങ്ങൾ. |
| 23 | ഇ 12 ക്വാട്ടേഴ്സിന്റെ മുകളിലേയ്ക്ക് കിടക്കുന്ന മാവിന്റേയും പ്ലാവിന്റേയും ശിഖിരങ്ങൾ. |
| 24 | ജി 65 ക്വാട്ടേഴ്സിനു മുൻവശത്തെ മാവിന്റെ ശിഖിരം. |
| 25 | ജി 40 ക്വാട്ടേഴ്സിനു മുൻവശത്തെ മാവിന്റെ ശിഖിരം. |
| 26 | എഫ് 10 ക്വാട്ടേഴ്സിനു മുറ്റത്ത് നിൽക്കുന്ന മാവിന്റെ ശിഖിരം (എഫ് 11 ക്വാട്ടേഴ്സിനു മുകളിലേക്ക് ചാഞ്ഞു നിൽക്കുന്നു). |
| 27 | ഇ 16 ക്വാട്ടേഴ്സിനു മുറ്റത്ത് നിൽക്കുന്ന പ്ലാവിന്റെ ശിഖിരം. |

| | |
|---|---|
| 28 | ഗൈനക്കോളജി ബ്ലോക്കിന് പിൻവശത്ത് കുടുംബശ്രീ ഹോട്ടലിനു സമീപം നിൽക്കുന്ന ആഞ്ഞിലി മരത്തിന്റെ ശിഖിരം. |
| 29 | കാർഡിയോളജി -ഗൈനക്കോളജി റോഡിനു വലത് വശത്ത് നിൽക്കുന്ന മാവിന്റെ ശിഖിരം. |
| 30 | SBI ക്ക് മുൻവശം ഇലക്ട്രിക് ലൈനിന്റെ മുകളിലേക്ക് ചാഞ്ഞു നിൽക്കുന്ന വാക മരത്തിന്റെ ശിഖിരം. |
| 31 | സബ് ട്രഷറിക്ക് സമീപം നിൽക്കുന്ന പ്ലാവിന്റെ ശിഖിരം. |
| 32 | സെൻട്രൽ സ്റ്റോറിനും കാരുണ്യ ഫാർമസിക്കും സമീപം നിൽക്കുന്ന വാക മരത്തിന്റെ ശിഖിരം. |
| 33 | സെൻട്രൽ സ്റ്റോറിലേക്കുള്ള വഴിയിലെ ട്രാൻസ്ഫോർമറിന് സമീപം നിൽക്കുന്ന വാക മരത്തിന്റെ ശിഖിരം. |
| 34 | ഓക്സിജൻ പ്ലാന്റിന് എതിർ വശത്ത് നിൽക്കുന്ന ആഞ്ഞിലിയുടെ ശിഖിരം. |
| 35 | ടൈപ്പ് I നം.2 ക്വാട്ടേഴ്സിനുമുൻ വശം നിൽക്കുന്ന മാവിന്റെ ശിഖിരം. |
| 36 | ജി 13 ക്വാട്ടേഴ്സിന്റെ പിന്നിൽ നിൽക്കുന്ന മാവ്, ആഞ്ഞിലി എന്നിവയുടെ ശിഖിരങ്ങൾ. |
| 37 | ബി 9 ക്വാട്ടേഴ്സ് പരിസരത്തെ വാക, വട്ടയില മരത്തിന്റെ ശിഖിരങ്ങൾ. |
| 38 | ബി 8 ക്വാട്ടേഴ്സ് പരിസരത്തെ വാക മരത്തിന്റെ ശിഖിരങ്ങൾ. |
| 39 | ബി 2 ക്വാട്ടേഴ്സ് പരിസരത്തെ വഷണ മരത്തിന്റെ ശിഖിരങ്ങൾ. |
| | **ICH പരിസരത്തെ മരങ്ങളുടെ ശിഖിരങ്ങൾ ചുവടെ ചേർക്കുന്നു:** |
| 40 | ആംബുലൻസ് ഷെഡിനു പിറക് വശത്തെ വാക-4 |
| 41 | Bystanders waiting area- വാക-5, വട്ട-1 |
| 42 | PSA Plant- മഹാഗണി-3, വാക-2 |
| 41 | Ward 3 back side-റബർ-1 |
| 43 | NICU Back side-വട്ട-1, പൊങ്ങം-1, പാഴ്മരം-2 |
| 44 | ICH Gate- വാക-3 |
| 45 | PH Front- വാക-2 |
| 46 | ICH entrance road side- മഹാഗണി-2, പാഴ്മരം-10 |
| 47 | Canteen side- വാക-1 |
| 48 | Hospital front-ആഞ്ഞിലി-1, തേക്ക്-4, വക-2, പാഴ്മരം-20 |

| | |
|---|---|
| 49 | REIC Opposite- വാക 5 (ഇലക്ട്രിക് ലൈൻ മികളിലേക്ക് ചാഞ്ഞു നിൽക്കുന്നു) |
| 50 | Ward 2 back side- വട്ട-1 |
| 51 | Pay Ward side -പാഴ്മരം-1 |
| 52 | Parking area side- വട്ട-1, ബദാം-1, പ്ലാവ്-1 |

<u>നിബന്ധനകൾ</u>

1) ഏറ്റവും കുറഞ്ഞ തുക പണികൂലിയായി രേഖപ്പെടുത്തുന്ന വ്യക്തിക്ക് ആയിരിക്കും ക്വട്ടേഷൻ ഉറപ്പിച്ച് നൽകുന്നത്.

2) ക്വട്ടേഷൻ ഉറപ്പിച്ചു എന്ന് രേഖാമൂലം അറിയിപ്പ് ലഭിച്ചതിനു ശേഷം 200 രൂപയുടെ മുദ്രപത്രത്തിൽ കാരാറിലേർപ്പെട്ട് ക്വട്ടേഷൻ തുകയുടെ **10% സെക്യൂരിറ്റി ഡിപോസിറ്റ്/ 25,000/-** (ഏതാണോ കൂടിയത് ആയത്) പ്രിൻസിപ്പലിന്റെ പേരിൽ DD ആയി സമർപ്പിക്കേണ്ടതാണ്.

3) ക്വട്ടേഷൻ ലഭിച്ച വ്യക്തിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ച ശേഷം 7 ദിവസത്തിനുള്ളിൽ ഈ സ്ഥാപനത്തിന്റെ കെട്ടിടങ്ങൾക്കും, അവയിലേക്കുള്ള വൈദ്യുതി, കുടിവെള്ള മലിനജല പൈപ്പ് ലൈനുകൾ, ഫോൺ ഇന്റർനെറ്റ് നെറ്റ് കേബിളുകൾ തുടങ്ങിയ മറ്റ് സംവിധാനങ്ങൾക്കും കേടുപാടില്ലാതെ മര ശിഖിരങ്ങൾ മുറിച്ച് മാറ്റേണ്ടതാണ്. മെഡിക്കൽ കോളേജ്/ സർക്കാരിന്റെ സ്ഥാവരജംഗമ വസ്തുകൾക്ക് എന്തെങ്കിലും കേടുപാടുകൾ/നാശനഷ്ടങ്ങൾ ഉണ്ടായാൽ ആയത് നിശ്ചിത സമയത്തിനുള്ളിൽ സ്വന്തം ചെലവിൽ പരിഹരിക്കുന്നതാണ്.

4) രോഗികൾക്കും, ക്വാട്ടേഴ്സ് നിവാസികൾക്കും, ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും, പൊതു സമൂഹത്തിനും, ജീവജാലങ്ങൾക്കും ഉപദ്രവമാകാത്ത രീതിയിൽ പ്രസ്തുത ജോലികൾ നടത്തേണ്ടതാണ്.

5) മരത്തിന്റെ ശിഖിരങ്ങൾ നീക്കം ചെയ്ത സ്ഥലം വൃത്തിയാക്കി നൽകേത്തേണ്ടതാണ്.

6) രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെയുള്ള സമയത്ത് മാത്രമേ മരത്തിന്റെ ശിഖിരങ്ങൾ മുറിക്കുക, മരത്തിന്റെ അവശിഷ്ടങ്ങളും നീക്കുക, ക്യാമ്പസിൽ നിന്നും പുറത്ത് കൊണ്ടു പോവുക എന്നീ ജോലികൾ ചെയ്യാവൂ.

7) അന്തരീക്ഷ മലിനീകരണമുണ്ടാകാത്ത രീതിയിൽ പൊടിപടലങ്ങൾ സൃഷ്ടിക്കാതെ മരശിഖിരങ്ങൾ മുറിക്കുന്ന ജോലികൾ ചെയ്യേണ്ടതാണ്. മരം മുറിക്കൽ നടപടികൾ ആരംഭിച്ച് പൂർത്തീകരിക്കുന്നതുവരെ പൊടിപടലങ്ങൾ ആശുപത്രി/ക്വാട്ടേഴ്സ് കെട്ടിടങ്ങൽക്കുള്ളിലേക്ക് കയറാത്ത വിധവും രോഗികൾക്കും കൂട്ടിരുപ്പ്കാർക്കും ബുദ്ധിമുട്ടുകൾ ഉണ്ടാകാത്ത തരത്തിലും മുറിക്കേണ്ടതാണ്.

8) മരശിഖിരങ്ങളും അതിന്റെ അവശിഷ്ടങ്ങളും അല്ലാതെ അതുമായി ബന്ധമില്ലാത്ത ഒരു വസ്തുക്കളും കൊണ്ടു പോകുവാൻ പാടില്ല. അപ്രകാരം കൊണ്ടു പോകുന്നത് മോഷണമായി കണക്കാക്കുന്നതാണ്.

9) തൃപ്തികരമായി മരശിഖിരങ്ങൾ മുറിച്ച് നീക്കം ചെയ്തതിനു ശേഷം സർജന്റിന്റെ റിപ്പോർട്ട് ലഭിച്ച ശേഷം മാത്രമേ ക്വട്ടേഷൻ എടുത്ത വ്യക്തി സമർപ്പിച്ച സെക്യൂരിറ്റി ഡിപോസിറ്റ് തിരികെ നൽകുകയുള്ളൂ.

10) ക്വട്ടേഷൻ വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം വീണ്ടും ക്വട്ടേഷൻ നടത്തുന്നതും നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടു കെട്ടുന്നതുമായിരിക്കും. ആയതിലേക്ക് യാതൊരുവിധ തടസവാദത്തിനും അവകാശമില്ലാത്തതും തന്മൂലം സർക്കാരിനുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കുന്നതാണ്.

11) യാതൊരു കാരണവും കാണിക്കാതെ ലേലം/ ക്വട്ടേഷൻ മാറ്റി വയ്ക്കുന്നതിണോ റദ്ദ് ചെയ്യുന്നതിനോ പ്രിൻസിപ്പലിന് അധികാരം ഉണ്ടായിരിക്കും.

12) അനുമതി നൽകാത്ത മരശിഖരങ്ങൾ ഒരു കാരണവശാലും മുറിക്കരുത്.

13) മരങ്ങൾ മുറിക്കുകയോ കടത്തി കൊണ്ട് പോവുകയോ ചെയ്താൽ ആയത് മോഷണമായി കണക്കാക്കുന്നതു. അപ്രകാരമുള്ള മരത്തിന്റെ വാല്യൂവേഷന്റെ **10 ഇരട്ടി തുക** സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. ആയത് അടയ്ക്കാത്ത പക്ഷം ടി തുക സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും കണ്ടുകെട്ടുന്നതായിരിക്കും.

14) മേൽക്കാണിച്ചിരിക്കുന്ന നിബന്ധനകൾ അനുസരിച്ച് നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ മരശിഖിരങ്ങൾ മുറിച്ച് മാറ്റി അവശിഷ്ടങ്ങൾ നീക്കം ചെയ്യേണ്ടതും മേൽ നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം സർക്കാർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം നകേണ്ടതും അതേപോലെ മര ശിഖിരങ്ങൾ മുറിക്കലും ആയതിൻറെ ട്രാൻസ്പോർട്ടേഷനും & മറ്റു പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജിന്റെ സ്ഥാവരജംഗമ വസ്തുകൾക്കോ മറ്റേതെങ്കിലും സംവിധാനങ്ങൾക്കോ എന്തെങ്കിലും കേടുപാടുകൾ/ നാശനഷ്ടങ്ങൾ ഉണ്ടായാൽ സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതും ആയതിനു സർക്കാർ നിശ്ചയിക്കുന്ന തുക അടയ്ക്കുവാൻ തയാറാകേണ്ടതും, ആയത് അടയ്ക്കാത്ത പക്ഷം ടി തുക സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും സർക്കാരിലേക്ക് കണ്ടു കെട്ടുന്നതുമായിരിക്കും. നഷപരിഹാരം തികയാതെ വരുന്ന പക്ഷം നഷ്ടപരിഹാര തുക ക്വട്ടേഷൻ എടുത്ത വ്യക്തിയുടെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നും ഈടാക്കുന്നതായിരിക്കും.

Digitally signed by
Dr Varghese P Punnoose
Date: 02-05-2026
13:05:54

PRINCIPAL

പകർപ്പ്

1) സൂപ്രണ്ട്, ഗവ. മെഡിക്കൽ കോളേജ്, ആശുപത്രി, കോട്ടയം.

2) സീനിയർ അഡ്മിനിസ്റ്റേറ്റീവ് ഓഫീസർ, ഗവ. മെഡിക്കൽ കോളേജ്, കോട്ടയം

3) സർജന്റ്, ഗവ. മെഡിക്കൽ കോളേജ്, ആശുപത്രി, കോട്ടയം/ഗവ. മെഡിക്കൽ കോളേജ്, കോട്ടയം.

നോട്ടീസ് ബോർഡുകൾ:-

1) പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ്/ ഇലക്ട്രിക്കൽ സെക്ഷൻ, ഗാന്ധിനഗർ, കോട്ടയം

2) ഗവ.മെഡിക്കൽ കോളേജ് ഓഫീസ്, കോട്ടയം ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, ഗവ.ഡന്റൽ കോളേജ്, ഗവ.നഴ്സിംഗ് കോളേജ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, ഏറ്റുമാനൂർ KMCHC,

3) ഗ്രാമപഞ്ചായത്, ആർപ്പൂക്കര, അതിരമ്പുഴ, അയ്മനം.

4) ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം മുൻസിപ്പാലിറ്റി.

5) വെബ് സൈറ്റ്.

6) ഓഫീസ് പകർപ്പ്.